കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭിച്ച വൈദ്യുതി

90 (2668) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. പി.വിശ്വനാഥൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996 ജനുവരി മുതൽ കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ഓരോ മാസവും എത്ര യൂണിറ്റ് വൈദ്യുതി വീതം ലഭിച്ചു ;

(ബി) 1996 ജനുവരി മുതൽ അൺ അലോക്കേറ്റഡ് ഷെയറായി അനുവദിച്ചത് എത്ര ശതമാനമാണ് ;

(സി) ഇപ്പോൾ എത്ര ശതമാനമാണ് ലഭിക്കുന്നത് ;

(ഡി) ഈ ഷെയറുകളിൽ മാറ്റം വന്നിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കാലയളവുകളിലാണ് മാറ്റം വന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി-ഡി) വിശദാംശങ്ങൾഅനുബന്ധമായി ചേർത്തിട്ടുണ്ട്.*

വൈദ്യുതി ബോർഡിലെ ഒഴിവുകൾ

91 (2669) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ ജോലി ഭാരത്തിന് അനുസരിച്ചുള്ള ജീവനക്കാരുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) നിലവിലുള്ള ജീവനക്കാർ ആവശ്യത്തിന് ഉപരിയാണോ എന്ന് പരിശോധിക്കുമോ ;

(സി) ഇനിയും ജീവനക്കാർ ആവശ്യമുണ്ടെങ്കിൽ ഏതെല്ലാം കാറ്റഗറികളിൽ എത്ര വീതമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) പുന:സംഘടനയുടെ ഭാഗമായി ഓരോ കാറ്റഗറിയിലും ആവശ്യമായ ജീവനക്കാരെ സംബന്ധിച്ച വിശദമായ വർക്ക് സ്റ്റഡി നടത്തി ഉചിതമായ തീരുമാനമെടുക്കാൻ ബോർഡിനെ ചുമലപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly